"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- കാലാവസ്ഥാ സേവനങ്ങൾ ലഭ്യമാകുന്നതിലേയ്ക്കായി M/s Earth Networks മായുള്ള കരാർ പുതുക്കുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.50/2025/DMD തീയതി 01-02-2025, തിരുവനന്തപുരം

---

പരാമർശം:-
1. 14/05/2020ലെ സ.ഉ(സാധാ) നം.450/2020/ഡിഎംഡി ഉത്തരവ്
2. 19/06/2020ലെ സ.ഉ(സാധാ) നം.531/2020/ഡിഎംഡി ഉത്തരവ്
3. 05/01/2024ലെ സ.ഉ(സാധാ) നം.15/2024/ഡിഎംഡി ഉത്തരവ്
4. 22.01.2025ലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ MTO III/652/2024/Admin നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം കാലാവസ്ഥാ സേവനങ്ങൾ ലഭ്യമാകുന്നതിലേയ്ക്കായി M/s Earth Networks - മായി കരാറിൽ ഏർപ്പെടുന്നതിനുള്ള അനുമതി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് നൽകുകയും SEOC യുടെ പ്രവർത്തനങ്ങൾക്കായി SDRF-ൽ അനുവദിച്ച തുകയുടെ 10% ചെലവഴിക്കുവാൻ അനുമതി നൽകുകയുമുണ്ടായി. പരാമർശം (2) ഉത്തരവ് പ്രകാരം, ആയതിലേക്കായി ചെലവായ 51,79,020/- രൂപ H/A 2245-02-101-94-01- Flood Other Item (NP) എന്ന ഹെഡിൽ നിന്നും KSDMAയുടെ SBI Maruthamkuzhy Branch - ലെ 33031314643 എന്ന അക്കൗണ്ടിലേയ്ക്ക് അനുവദിച്ചും ഉത്തരവായിരുന്നു.

കാലാവസ്ഥാ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള M/s Earth Networks - മായുള്ള കരാർ കാലാവധി പുതുക്കുന്നതിന് പരാമർശം 3 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് സർക്കാർ അനുമതി നല്കിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2 വർഷത്തേക്ക് കാലാവസ്ഥാ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള കരാർ പുതുക്കുന്നതിന് M/s Earth Networks - ൽ നിന്നും പ്രപ്പോസൽ ക്ഷണിക്കുകയും, തുടർ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ M/s Earth Networks സമർപ്പിച്ച പ്രപ്പോസൽ മെമ്പർ സെക്രട്ടറി, KSDMA അംഗീകരിക്കുകയും M/s Earth Networks - നു ₹1,15,76,000/- രൂപയുടെ Purchase Order നൽകുകയും ചെയ്തു.

പരാമർശം 3 ഉത്തരവ് പ്രകാരം, നിലവിൽ M/s Earth Networks മായുള്ള കരാർ പുതുക്കുന്നതിലേക്ക് ആവശ്യമായ തുക ഏത് ഫണ്ടിൽ നിന്നാണ് വിനിയോഗിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, H/A 2245-02-101-94-01- Flood Other Item (NP) എന്ന ഹെഡിൽ നിന്നും KSDMAയുടെ SBI Maruthamkuzhy Branch-ലെ 33031314643 എന്ന അക്കൗണ്ടിലേയ്ക്ക് M/s Earth Networksമായുള്ള 2 വർഷ കാലയളവിലേയ്ക്ക് കരാർ പുതുക്കുന്നതിലേക്കു ആവശ്യമായ തുകയായ ₹. 1,15,76,000/- (inclusive of GST) രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന്

പരാമർശം 4 പ്രകാരം മെമ്പർ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാലാവസ്ഥ വ്യതിയാനം മൂലം കേരളത്തിൽ പ്രകൃതിക്ഷോഭങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ കാലാവസ്ഥ മുന്നറിയിപ്പുകൾ കൃത്യമായി ലഭ്യമാകേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ കാലാവസ്ഥാ സേവനങ്ങൾ ലഭ്യമാകുന്നതിലേയ്ക്കായി M/s Earth Networks മായുള്ള കരാർ 2 വർഷ കാലയളവിലേയ്ക്ക് പുതുക്കുന്നതിലേക്കു ആവശ്യമായ തുകയായ ₹ 1,15,76,000/- (inclusive of GST) രൂപ SDRFന്റെ Capacity Building Window-ൽ നിന്നും SBI Maruthamkuzhy Branch - ലെ 33031314643 എന്ന അക്കൗണ്ടിലേയ്ക്കു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പ്രകാരം അനുവദിച്ച തുക സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തുനൽകുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫിസർ സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ , ദുരന്ത നിവാരണം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഫിനാൻസ് ഓഫിസർ , ദുരന്ത നിവാരണ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 01-02-2025 10:46:02**
സെക്ഷൻ ഓഫീസർ